DESPATCHED On 11/06/2020

18/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.173(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.1597/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.ജോജോ ജോസഫ്
വിലങ്ങുപാറയിൽ,
കുര്യനാട്.പി.ഒ
കോട്ടയം-686 001** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കോട്ടയം-686001**

2. **അപ്പീൽ അധികാരി ആന്റ്
ഡെപ്യൂട്ടി ഡയക്ടർ
ക്ഷീര വികസന വകുപ്പ്
കോട്ടയം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.11.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 05.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 13.12.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.02.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.11.2018-ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 2001 ൽ ഉഴവൂർ ക്ഷീര വികസന യൂണിറ്റിലെ ശ്രീ.ജെ.എം ജോസഫ് ഡി.എഫ്.ഐ, കുര്യനാട് ക്ഷീരസംഘത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയിരിക്കെ, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കോട്ടയത്തിനെതിരെ ഉള്ള ഹൈക്കോടതിയിലെ കേസിൽ കുര്യനാട് ക്ഷീര സംഘത്തിൽ നിന്നും വക്കീൽ ഫീസ് ഇനത്തിൽ എത്ര രൂപയാണ് ചെലവായത് എന്നും, ടി സംഘത്തിൽ നിന്നും ടി വക്കീൽ ഫീസ് ഇനത്തിൽ ചിലവഴിച്ചതിന് ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം, അംഗീകാരം നൽകികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പും, ആയതിന്റെ നടപ്പ് കുറിപ്പ് ഫയലുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പിയും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 26.11.2018 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 05.12.2018 ൽ അപ്പീൽ അപേക്ഷ നൽകുകയും, 13.12.2018 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു.

4. 26.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, കുര്യനാട് ക്ഷീരസംഘത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയിരിക്കെ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കോട്ടയത്തിനെതിരെ ഉള്ള ഹൈക്കോടതിയിലെ കേസിൽ വക്കീൽ ഫീസ് ഇനത്തിൽ ചിലവഴിച്ച തുക സംബന്ധിച്ചത് 2001 ലെ ഫയലിലെ വിവരങ്ങൾ ആയതിനാൽ സൂക്ഷിപ്പ് കാലാവധി കഴിഞ്ഞതായതിനാൽ പ്രസ്തുത ഫയൽ ടി ഓഫീസിൽ നിലവിലില്ലെന്നാണ്.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്കുള്ള മറുപടി ഓഫീസ് മാറിയതിനാൽ കണ്ടുപിടിക്കാൻ മാർഗം ഇല്ലെന്ന് എസ്.പി.ഐ.ഒ ബോധിപ്പിച്ചതിൽ ഫയൽ നഷ്ടപ്പെട്ടതിന് വിശദീകരണം നൽകാൻ കമ്മീഷൻ നിർദ്ദേശിക്കുകയും, 03.02.2020 ന് നൽകിയ റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം 2001 ലേത് ആകയാൽ കെ.ഡിസ് ആയി തീർപ്പാക്കിയത് മൂന്നു വർഷത്തെ സൂക്ഷിപ്പുകാലാവധി പൂർത്തീകരിച്ചതായതുകൊണ്ട് പ്രസ്തുത ഫയൽ നിലവിൽ ലഭ്യമല്ലെന്നും, പുതിയ കെട്ടിടത്തിലേയ്ക്ക് ടി ഓഫീസിന്റെ പ്രവർത്തനം മാറ്റിയതിനാൽ കാലാവധികഴിഞ്ഞ ഫയലുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയില്ലെന്നും, ടി ഫയലുകൾ പൊടിഞ്ഞ് അടർന്നു തുടങ്ങിയ അവസ്ഥയിലാണെന്നുമാണ്. മേൽപറഞ്ഞ പ്രകാരം ഫയൽ കണ്ടുപിടിക്കാൻ സാധിക്കാത്തതിനാലാണ് വിവരം നൽകാത്തതെന്ന റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 18–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res